III.ഇ.ബി./XII-കേരള നിയമസഭ/II-2.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**<u>2006 സെപ്റ്റംബർ 19, ചൊവ്വ</u>**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*31& *32) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. അടിയന്തിരപ്രമേയം

സ്വാശ്രയ–പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് ദീർഘകാല കരാർ ഉണ്ടാക്കാൻ ചർച്ചയിലേർപ്പെടാൻ തയ്യാറായിരുന്ന മെഡിക്കൽ മാനേജുമെന്റുകളെ അവഹേളിച്ച നടപടിയിൽ പ്രതിഷേധിച്ച് അവർ ഗവൺമെന്റുമായുള്ള ചർച്ചയിൽനിന്ന് പിന്മാറിയതിന്റേയും മറ്റ് പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകളുമായി ഈ വർഷത്തേയ്ക്കു പോലും കരാറുണ്ടാക്കാൻ കഴിയാത്തതിന്റേയും പുതിയതായി അനുവദിച്ച പ്രൊഫഷണൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലേയ്ക്കുള്ള ഫീസ്

ജസ്റ്റീസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്തതിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ചതിനേയും തുടർന്ന് സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധിയിലും അനിശ്ചിതത്വത്തിലും ഉത്കണ്ഠയിലുംനിന്നുളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.കെ.സി.വേണുഗോപാലും മറ്റ് മൂന്ന് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോവുകയും അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി സഭാ നടപടികളിൽ പങ്കെടുക്കുകയുമുണ്ടായി.

III. ശ്രദ്ധ ക്ഷണിക്കൽ

(1) ഗൾഫ് സെക്ടറിലേയ്ക്ക് എയർ–ഇൻഡ്യ, ഇൻഡ്യൻ എയർലൈൻസ് വിമാനക്കമ്പനികൾ അടിക്കടി യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതുമൂലം പ്രവാസി മലയാളികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.എ.പി. അനിൽകുമാർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച കാർഷിക പാക്കേജിൽ ആലപ്പുഴ, ഇടുക്കി ജില്ലകളെക്കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ

സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.കെ.കെ.ജയചന്ദ്രൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

IV. സബ്മിഷൻ

(1) കെ.എസ്.ടി.പി. നടപ്പാക്കുന്ന തലശ്ശേരി–പയ്യന്നൂർ, കാഞ്ഞങ്ങാട്–കാസർഗോഡ് റോഡുകളുടെ പ്രവൃത്തി ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ.പി.ജയരാജൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(2) കണ്ണൂർ ജില്ലയിലെ ഉളിക്കൽ സ്റ്റേഷനതിർത്തിയിൽപ്പെട്ട മാട്ടറയിൽ കോൺഗ്രസ് പ്രവർത്തകരുടെപേരിൽ ഏകപക്ഷീയമായി കേസെടുക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.സി.ജോസഫ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) പത്തനംതിട്ടയിൽ പ്രവർത്തിച്ചുവന്നിരുന്ന സെയിൽസ്ടാക്സ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് പുന:സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(4) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മാഫിയ സംഘങ്ങളെ സംബന്ധിച്ച് ശ്രീ.കെ.ബാബു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) കേരളത്തിലെ പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സാരീതികൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം.മുരളി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) പാറശ്ശാല ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ.ആർ.സെൽവരാജ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) ആലപ്പുഴ ജില്ലയിലെ കുടശ്ശനാട് വെടിക്കെട്ട് ദുരന്തത്തിനിരയായവർക്ക് ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.കെ.ഷാജു ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(8) അവധിദിവസങ്ങളിൽ സർക്കാർ സ്ക്കൂളുകൾ വാടകയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ച് ശ്രീ.വി.എൻ.വാസവൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കെ.എസ്.ആർ.ടി.സി.യുടെ മാള ഡിപ്പോയിൽനിന്നും നിർത്തലാക്കിയ ദീർഘദൂര സർവ്വീസുകൾ പുന:രാരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.എ.കെ.ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

(10) നിയമസഭയിൽ നിരാകരിക്കപ്പെട്ട ഭേദഗതി എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചത് സംബന്ധിച്ച് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

V. റൂളിംഗ്

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി തൃപ്തികരമാണെങ്കിലും ബില്ലുകൾ കുറ്റമറ്റതാക്കാൻ സഭയുടെ കളക്ടീവ് വിസ്ഡം ആവശ്യമാണ്. സാധാരണഗതിയിൽ മെമ്പർമാർ കൊണ്ടുവരുന്ന

ഭേദഗതികൾ അംഗീകരിക്കാതെ ബില്ലിൽ പ്രൊവിഷൻ ഉണ്ടെന്ന കാരണത്താൽ പെട്ടെന്നുതന്നെ അത് ഒരു എസ്.ആർ.ഒ. ആയി കൊണ്ടുവരുന്നത് കളക്ടീവ് വിസ്ഡം എന്നുള്ള സങ്കൽപത്തിനു തന്നെ വിരുദ്ധമായിട്ട് വരും. അങ്ങനെ വരാതിരിക്കാൻ മറ്റു മന്ത്രിമാരും ശ്രദ്ധിക്കുന്നത് നല്ലതായിരിക്കുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

VI. ധനകാര്യം:

<u>**2006–2007 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**</u>

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിലെ 9–ാം കോളത്തിൽ കാണിച്ചിട്ടുള്ള 80,48,23,000 രൂപ 2006–07 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദൻ അവതരിപ്പിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

II –ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സബ്ജക്ട് കമ്മിറ്റി ശുപാർശകൾ സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തു വച്ചു.

സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, കെ.സുധാകരൻ, പി.സി. വിഷ്ണുനാഥ്, എം.മുരളി, എ.പി.അനിൽകുമാർ, കെ.സി.വേണുഗോപാൽ, ടി.എൻ.പ്രതാപൻ,

ജി.കാർത്തികേയൻ, റോഷി അഗസ്റ്റിൻ, തോമസ് ഉണ്ണിയാടൻ, തോമസ് ചാണ്ടി, വി.കെ. ഇബ്രാഹിം കുഞ്ഞ്, കെ.കുട്ടി അഹമ്മദ് കുട്ടി, അബ്ദുറഹിമാൻ രണ്ടത്താണി, യു.സി.രാമൻ, എം.ഉമ്മർ, സി.ടി.അഹമ്മദ് അലി, കെ.മുഹമ്മദുണ്ണി ഹാജി, കെ.ബാബു, ജോസഫ് എം. പുതുശ്ശേരി, സി.പി.മുഹമ്മദ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു:

(1) ശ്രീ.സി.പി.മുഹമ്മദ്

(2) ശ്രീ.ആനത്തലവട്ടം ആനന്ദൻ

(3) ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി

(4) ശ്രീ.പള്ളിപ്രം ബാലൻ

(5) ശ്രീ.തോമസ് ഉണ്ണിയാടൻ

(6) ശ്രീ.എം.കെ.പ്രേംനാഥ്

(7) ശ്രീമതി കെ.കെ.ശൈലജ ടീച്ചർ

(8) ശ്രീ.മോൻസ് ജോസഫ്

(9) ശ്രീ.പി.ടി.എ.റഹീം

(10) ശ്രീ.എ.എ.അസീസ്

(11) ശ്രീ.പി.സി.ജോർജ്

(12) ശ്രീ.കെ.കെ.ഷാജു

(13) ശ്രീ.കെ.ശിവദാസൻ നായർ

(14) ശ്രീ.എം.ഹംസ

(15) ശ്രീ.കെ.രാജു

(16) ശ്രീ.എം.പ്രകാശൻ മാസ്റ്റർ

(17) ശ്രീ.ഉമ്മൻ ചാണ്ടി (പ്രതിപക്ഷനേതാവ്).

ധനാഭ്യർത്ഥന ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ധനാഭ്യർത്ഥന 32–നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു..

(2006 സെപ്റ്റംബർ മാസം 20–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)